(ഡി) സാങ്കേതിക തടസ്സം സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണം

170 (236) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണത്തിനായി മരാമത്ത് വകുപ്പ് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലെങ്കിൽ എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രകാരം കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണത്തിനായി 22.50 കോടി രൂപയുടെ (2009 SoR) റഫ്കോസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഇതിന്റെ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിൽ ഫയൽ ലഭിച്ചിട്ടില്ല. സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിന് തന്നെ നൽകാവുന്നതാണ്.

(സി) ഇതിനായി ഭരണവകുപ്പിൽ നിന്നും ഇതുവരെ ശുപാർശ ലഭിച്ചിട്ടില്ല.

കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയക്കായി അനുവദിച്ച പലിശ രഹിത വായ്പ

171 (237) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ബധിരമൂകരായ കുട്ടികളുടെ കേൾവി/ സംസാരശേഷി ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാൻസ് ശാസ്ത്രക്രിയക്കായി അനുവദിച്ച പലിശ രഹിത വായ്പ റീഇംപ്ലേസ്മെന്റ് ആയി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പിന് ലഭിച്ച അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 19-6-2008-ലെ നമ്പർ 5330/എംഫിൻ/08, 28-6-2008-ലെ നമ്പർ 5586/എംഫിൻ/08 എന്നീ അപേക്ഷകളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly